# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :8253 17/07/2014 ൽ മറുപടിയ്ക്ക്

**പാലക്കാട് ജില്ലയിലെ മോഡൽ റസിഡൻഷ്യൻ പോളിടെക്നിക്**

| ചോദ്യം<br>ശ്രീ. എ.കെ. ബാലൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ മോഡൽ റസിഡൻഷ്യൽ പോളിടെക്നിക് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് പോളിടെക്നിക് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br>കുഴൽമന്ദം കൊടുവായൂർ റൂട്ടിലെ പുല്ലുപാറ എന്ന സ്ഥലത്താണ് സ്ഥാപനം പ്രവർത്തിക്കുന്നത്. |
| (ബി) | പോളിടെക്നിക് ആരംഭിച്ചത് എപ്പോഴാണെന്നും കോഴ്സുകൾക്ക് എ.ഐ.സി.റ്റി.എ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; ഏതെല്ലാം ഡിപ്ലോമാ കോഴ്സുകളാണ് നിലവിലുള്ളതെന്ന് പറയാമോ; | (ബി) | പോളിടെക്നിക് ആരംഭിച്ചത് 2010-11 അദ്ധ്യയന വർഷത്തിലാണ്. വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ്, എൻവയോൺമെന്റ് മാനേജ്മെന്റ് എന്നീ സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സുകളാണ് നിലവിൽ ഉള്ളത്. ടി കോഴ്സുകൾക്ക് എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (സി) | പോളിടെക്നിക്കിനു വേണ്ട കെട്ടിടങ്ങൾ, ലാബ്, ലൈബ്രറി, ഹോസ്റ്റൽ എന്നിവ സജ്ജീകരിച്ചിട്ടുണ്ടോ; | (സി) | പോളിടെക്നിക്കിനു വേണ്ട കെട്ടിടം പണി പൂർത്തിയാക്കിയിട്ടുണ്ട്. ലാബ്, ലൈബ്രറി എന്നിവ സജ്ജീകരിച്ചുവരുന്നു. ഹോസ്റ്റൽ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. |
| (ഡി) | ഈ അധ്യയന വർഷം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. |
| (ഇ) | ഇത് പട്ടികജാതി വികസന വകുപ്പിന്റെ ബജറ്റ് സപ്പോർട്ടോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണോ എന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഇ) | അതെ. പോളിടെക്നിക്ക് ആരംഭിക്കുന്നതിന് വകുപ്പിന്റെ പൂൾഡ് ഫണ്ടിൽ നിന്നും 2010-11 സാമ്പത്തികവർഷം 8 കോടി രൂപ അനർട്ടിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ